**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - സസ്പെൻഷനിലായിരുന്ന ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ കൺസൾട്ടന്റ് ഡോ.എസ്.സോളമനെ അച്ചടക്ക നടപടിയുടെ തീർപ്പിന് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധാ) നം.530/2018/ആ.കു.വ തിരുവനന്തപുരം, തീയതി, 16.02.2018.

പരാമർശം: 1) സ.ഉ(സാധ) നം.3297/2016/ആകുവ തീയതി 09.12.2016.

2) കുറ്റാരോപണ മെമ്മോ നം.926701/എ 2/2016/ആകുവ തീയതി 23.01.2017.

3) ഡോ.എസ്.സോളമൻ, കൺസൾട്ടന്റ് (ഗൈനക്കോളജി)-ന്റെ 12.10.2017-തീയതിയായ അപേക്ഷ.

4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17.01.2018-ലെ ഇഎ 1-161/2018/ ആവഡ നമ്പർ കത്ത്

**ഉത്തരവ്**

ഡോ.എസ്.സോളമൻ, ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റായി സേവനം അനുഷ്ഠിച്ച വരവെ, ഹാജർ പുസ്തകത്തിൽ അനധികൃതമായി ഒപ്പ് രേഖപ്പെടുത്തുന്നതായും കാൾ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടതിന്റെ പേരിൽ ഡ്യൂട്ടിക്ക് ഓഫ് എടുക്കുന്നതായും സൂപ്രണ്ടിന്റെ നിർദ്ദേശങ്ങൾ പാലിക്കാത്തതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം അച്ചടക്ക നടപടിക്ക് വിധേയമായി ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

2. ഡോ.എസ്.സോളമൻ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച അപേക്ഷയിൽ, സസ്പെന്റ് ചെയ്ത് പത്തു മാസം കഴിഞ്ഞതിനാലും, സർവ്വീസിൽ നിന്നും വിരമിക്കാൻ വളരെ കുറച്ച് കാലം മാത്രം അവശേഷിക്കുന്നതിനാലും, തന്നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം മൂന്നിലെ അപേക്ഷയുടേയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ, ഡോ.എസ്.സോളമനെ അച്ചടക്ക നടപടിയുടെ തീർപ്പിന് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് കണ്ണൂർ പേരാവൂർ താലൂക്കാശുപത്രിയിലെ നിലവിൽ ഒഴിവുള്ള കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത.എൽ,**

**അഡീഷണൽ സെക്രട്ടറി.**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, (ആരോഗ്യം), ആലപ്പുഴ /കണ്ണൂർ.

സൂപ്രണ്ട്, താലൂക്കാസ്ഥാന ആശുപത്രി, ചേർത്തല, ആലപ്പുഴ.

ഡോ.എസ്.സോളമൻ, കൺസൾട്ടന്റ് (ഗൈനക്കോളജി)(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ , ഓഫീസ് കോപ്പി.

(P.T.O)

ഉത്തരവിൻ പ്രകാരം

മേലെഴുത്ത് നം: ഇ.എ1-161/18/ആ.വ.ഡ തീയതി 22.02.2018

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

ഡോ. സോളമൻ.എസ്
പത്മരാഗം, ശ്രീലെയിൻ,
ശ്രീകാര്യം.പി.ഒ. തിരുവനന്തപുരം- 695010